**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4819 05/02/2014-ൽ മറുപടിയ്ക്ക്

# സൂക്ഷ്മ കൃഷി സമ്പ്രദായം

ചോദ്യം
ശ്രീ. കെ. കെ. നാരായണൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| എ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് സൂക്ഷ്മകൃഷി സമ്പ്രദായം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്തെ എല്ലാ ജില്ലയിലും സൂക്ഷ്മകൃഷി സമ്പ്രദായം അവലംബിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ഈ കൃഷി രീതി പരമ്പരാഗത കൃഷിക്കാർക്ക് നടത്താൻ കഴിയാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>സി) എങ്കിൽ ഇതിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | ബി) സി) & ഡി) | ഉണ്ട്. സൂക്ഷ്മകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 1 ലക്ഷം രൂപ എന്ന നിരക്കിൽ ചെലവ് കണക്കാക്കി ആയതിന്റെ 40 ശതമാനം തുകയായ 40000 രൂപ ധനസഹായമായി നൽകുന്നു.<br>രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി 2011-12 സാമ്പത്തിക വർഷത്തിൽ വാഴ, പച്ചക്കറികൾ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ സൂക്ഷ്മ കൃഷി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.<br>കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 75% സബ്സിഡിയോടുകൂടി ചെറുകിട കർഷകരും പരമ്പരാഗത കർഷകരും ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടുതൽ സ്ഥലത്തേയ്ക്ക് ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ആവശ്യമായ പരിശീലനങ്ങളും നല്കിയിട്ടുണ്ട്. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ കാക്കനാടുള്ള ആസ്ഥാന മന്ദിരത്തിന് സമീപം |

ഹൈടെക് കൃഷി രീതികൾ കർഷകർക്കും നഗരവാസികൾക്കും പരിചയപ്പെടുത്തുന്നതിനും യുവതലമുറയെ കാർഷിക വൃത്തിയിലേയ്ക്ക് ആകർഷിക്കുന്നതിനും വേണ്ടി റെയിൻ ഷെൽട്ടറുകളും പോളിഹൗസും നിർമ്മിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ